തേജസ്
ആഴ്ചവട്ടം
TCR
2012 ഡിസംബർ 9 ഞായർ വാല്യം 6 ലക്കം 354

കുടിച്ചു കുന്തംമറിഞ്ഞ് നടന്ന എണ്ണംപറഞ്ഞ കുടിയനായിരുന്നു ജോൺസൺ മാഷ്. ലളിത ജീവിതം. ഒരു പച്ചമുളകും കല്ലുപ്പുമുണ്ടെങ്കിൽ ലോകം മുഴുവൻ ഒറ്റവലിക്ക് അകത്താക്കും. ആ മുഴുക്കുടിയനിൽ നിന്ന് കുടിയൻമാരുടെ രക്ഷകനിലേക്കുള്ള പ്രയാണമാണ് ജോൺസൺ മാഷുടെ ജീവിതം. തൃശൂരിലെ ഒരു കോളജിൽ ഫിലോസഫി വിഭാഗത്തിന്റെ തലവനായ ഇദ്ദേഹത്തിന്റെ നേതൃത്വത്തിൽ നടത്തുന്ന *പുനർജനി* ഇന്നു കുടിയൻമാരുടെ രക്ഷാസങ്കേതമാണ്.

കുമ്പസാരിച്ചു തീരാതെ...

ഫോട്ടോ: കെ.കെ. നജീബ്

പി.എച്ച്. അഫ്സൽ

"ശരി പോവാം! ഒരേ ഒരു വ്യവസ്ഥയിൽ ഞാൻ വരാം. അവസാനത്തെ കുടിയല്ലേ! പോവുന്ന വഴിയിൽ എല്ലാ ബാറിൽ നിന്നും രണ്ടെണ്ണം വീതമടിക്കണം. അതളിയൻ വാങ്ങിത്തരണം, പറ്റ്വോ?. കാര്യം നടക്കുമെന്ന് എനിക്കറിയാം. അളിയൻ അതും സമ്മതിച്ചു.

ഇടയ്ക്കിടെ ബൈക്കു നിർത്തി, ഓരോ ബാറീന്നും രണ്ടെണ്ണം വീതം വീശി. തൃശൂരിൽ രണ്ടു ബാർ–രണ്ടും രണ്ടും നാല്. ഒല്ലൂർ രണ്ട്– നാലും നാലുമെട്ട്. ആമ്പല്ലൂരിൽ അവസാനത്തെ ബാറിൽ നിന്നും പത്താമത്തെ പെഗ്ഗുമടിച്ചു വലത്തോട്ടുതിരിഞ്ഞ ബൈക്കിനു പിന്നിൽ, മഴയിൽ കുളിച്ചിട്ടും പൂനിലാവിലെന്ന പോലെ ഞാനിരുന്നു. ഒടുവിൽ ആനന്ദപുരത്ത് സാൻജോ സദനിലെത്തി."

ഇത് ജോൺസൺ കെ. മംഗലം. ഇപ്പോൾ പൂമലയിലെ പുനർജനി ഡീ–അഡിക്ഷൻ സെന്ററിന്റെ സാരഥി. മൂവായിരം കുടിയൻമാർക്ക് മദ്യവിമുക്തി നൽകിയ എക്സ് മുഴുക്കുടിയൻ. അദ്ദേഹം തന്റെ 14 വർഷം മുമ്പത്തെ മദ്യത്തിൽ മുങ്ങിയ ജീവിതം ഓർത്തെടുക്കുകയാണ്. ആള് ചില്ലറക്കാരനല്ല. ഏഴാം ക്ലാസിൽ പഠിക്കുമ്പോൾ ചാരായമടിച്ച് കഴിവുതെളിയിച്ചയാളാണ്. ബിഎയ്ക്കും എംഎയ്ക്കും ഒന്നാംറാങ്ക്, ഫിലോസഫിയിൽ ഡോക്ടറേറ്റ്, എറണാകുളം ലോ കോളജിൽ നിന്നു എൽഎൽബിയും പൂർത്തിയാക്കി. തൃശൂരിലെ കൊള്ളാവുന്നൊരു വക്കീലിന്റെ അസിസ്റ്റന്റ്. വെറുമൊരു ഞായറാഴ്ച വക്കീലല്ല. ജില്ലാ കോടതിയിൽ ഏറ്റവും കൂടുതൽ കേസുള്ള വക്കീലിന്റെ ഓഫിസിൽ. ഇപ്പോൾ കേരളവർമ കോളജിലെ ഫിലോസഫി വിഭാഗം തലവൻ.

കുടിച്ച് കുന്തംമറിഞ്ഞ നാളുകൾ

നേട്ടങ്ങൾ ഒരുപാടുണ്ടെങ്കിലും പേരെടുത്തത് 'കുടി'യിൽ. പാരമ്പര്യമായി കൈമാറിക്കിട്ടിയ 'ദീപശിഖ' കെടാതെ സൂക്ഷിച്ചതാണെന്നു ജോൺസൺ ചിരിച്ചുകൊണ്ടു സമ്മതിക്കും. "ഒരു നസ്രാണിയാണു ഞാൻ. കുടിയേറ്റക്കാരുടെ ആദ്യ തലമുറയിൽ ഉളവായവൻ. എനിക്ക് ഓർമവച്ച കാലംമുതൽ അപ്പൻ കുടിയനായിരുന്നു. തൃശൂരിലെ കുടിയേറ്റഗ്രാമമായ പൂമലയിലെ യുപി. സ്കൂൾ അധ്യാപകൻ. കുടിച്ച് കരൾ കരിഞ്ഞ് 56ാം വയസ്സിൽ, ബാധ്യതകളുടെ ഭാണ്ഡക്കെട്ടുകൾ മാത്രം ബാക്കിയാക്കി പുള്ളി യാത്രയായി." അപ്പൻ പോയതോടെ 'തീർത്ഥം' ജോൺസന്റെ സഹചാരിയായി. 20 വർഷം കുടിച്ചു കുന്തംമറിഞ്ഞു നടന്നു.

ഒടുവിലൊടുവിൽ.. അടി തുടങ്ങിയാൽ ഭക്ഷണം കഴിക്കാറില്ല. അച്ചാർ തൊട്ടുനക്കും. അല്ലെങ്കിൽ ഷാപ്പിലെ ഡസ്കിനു മുകളിൽനിന്നു ചുരണ്ടിയെടുത്ത മെഴുകുതിരിക്കഷണം, അതായാലും മതി. ലളിത ജീവിതം.

മറ്റൊരു കാര്യം കുടി എന്നെ അലട്ടാൻ തുടങ്ങി. കുടിക്കാനുള്ള കാശില്ല. ഇരന്നും നുണകൾ പറഞ്ഞും കാശുണ്ടാക്കി. അമ്മയ്ക്കു മരുന്നു വാങ്ങണം, കോട്ടക്കൽ പോവണം, അപേക്ഷ അയക്കണം. പക്ഷേ, ഒടുവിൽ ആരും കാശു തരാതായി. എന്നെ കണ്ടാൽ ഷർട്ടിന്റെ പോക്കറ്റിൽനിന്നു കാശ് മാറ്റും. എന്റപ്പൻ 'കൊട്ടുടിമാഷെ'(കൊട്ടുവടി–വാറ്റുചാരായത്തിന് നാട്ടുപുറത്തുകാർ പറയുന്ന പേര്)ക്കുറിച്ച് നാട്ടുകാർ 'നല്ലത്' പറയുന്നത്, ആദ്യമായി ഞാൻ കേട്ടു. "മാഷാരുന്നു മോനേക്കാ ഭേദം! ചോദിച്ചു വാങ്ങുന്നല്ലാതെ പോക്കറ്റീക്കൈയിട്ട് എടുക്കൂല്ലായിരുന്നു."

പത്തുമിരുപതും ദിവസം നീളുന്ന കുടിയും കിടപ്പും. ഒടുവിൽ കുടികിടപ്പാകും. മൂത്രത്തിനു മഞ്ഞനിറമാകും. വിശപ്പും നിരാശയും നൽകുന്ന ആലസ്യം. തലപൊങ്ങിയാൽ കട്ടിലിനു കീഴേക്കു കൈനീളും.

കുപ്പിയൊളിപ്പിച്ചു വയ്ക്കുന്ന ശീലമൊക്കെ ആദ്യകാലത്ത് അവൾക്ക്, ഭാര്യ രാജിക്ക് ഉണ്ടായിരുന്നു. മലപ്പുറത്തെ ഒരു സ്കൂളിലെ അധ്യാപികയായിരുന്നു രാജി. ജോൺസന്റെ കുടി അറ്റംമുട്ടിയതോടെ രാജി ജോലി ഉപേക്ഷിച്ചു. പിന്നെ മദ്യവിമുക്തകേന്ദ്രങ്ങളിലേക്കും ധ്യാനകേന്ദ്രങ്ങളിലേക്കും ജോൺസനെയും കൊണ്ടുള്ള ഇടമുറിയാത്ത യാത്രകളായിരുന്നു. പക്ഷേ, അതെല്ലാം നിഷ്ഫലമായി. കുറച്ചു ദിവസത്തെ ഇടവേളയ്ക്കു ശേഷം ജോൺസൺ വീണ്ടും ലഹരിയിൽ ലയിച്ചു.

മരണം നിഴൽ വീഴ്ത്തിയപ്പോൾ

'മഞ്ഞപ്പിത്തം അത്ര നിസ്സാരരോഗമായി കാണണ്ടാട്ടോ ടീച്ചറെ, മൂന്നാലുകൊല്ലായി ഞാൻ വക്കീലിനെ ചികിൽസിക്കാൻ തൊടങ്ങീട്ട്. രോഗം പൂർണമായും ഭേദമാകുന്നതിനു മുമ്പ് കുടി തുടങ്ങലാ പതിവ്. ഇത്തവണ 'ബിലിറൂബി'ന്റെ കൗണ്ടെത്രയാന്നറിയ്യോ?. ആറ്! നോക്ക്! ഇങ്ങന്യാ പോക്കെങ്കി ഇനിയധികം ചികിൽസിക്കേണ്ടിവരില്ല വക്കീലേ!'

തലകുനിഞ്ഞുപോയി!. ഞാനൊരു മുഴുക്കുടിയനായെന്ന കാര്യം അവസാനമായറിഞ്ഞത് ഞാനായിരുന്നു. ചുട്ട പപ്പടവും കൂട്ടി പൊടിയരിക്കഞ്ഞി സ്പൂണിൽ കോരി വായിൽവച്ചു തരുന്ന നേരത്തുപോലും, അവളന്നും കരഞ്ഞു. അവളെ ഇനി സങ്കടപ്പെടുത്തരുത്.

ഞാനൊരു റോബോട്ടായിത്തീരുകയായിരുന്നു. ധ്യാനകേന്ദ്രങ്ങളും ചികിൽസകളും. നീണ്ട പ്രാർഥനകൾ പോലും എനിക്ക് അസഹ്യമായി തോന്നുന്നില്ല. നെഴ്സിന്റെ നിലവിളിപോലത്തെ ശബ്ദം കേൾക്കും. 'ഗുളിക കഴിക്കാൻ വരൂ.'

ജീവിതം അവസാനിക്കുകയാണെന്നു തോന്നിത്തുടങ്ങി.

ഡീ–അഡിക്ഷൻ സെന്ററിലെ ഡോക്ടറെന്നോട് ചോദിച്ചു.

'എന്താ ഉദ്ദേശ്യം? കുടിനിറുത്താനാഗ്രഹമുണ്ടോ?'.

'ഉണ്ടായിട്ടെന്താ കാര്യം? കുടി നിക്കണ്ടെ?'

'പിന്നെന്തിനാ വന്നത്?'

'എനിക്കൊരു ഫിറ്റ്നസ് സർട്ടിഫിക്കറ്റ് വേണം!'

'അതെന്തിനാ?'

'ചാവാൻ!!!!'

ഇൻഷുറൻസ് കമ്പനിക്കാർ പറഞ്ഞു. ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഉണ്ടെങ്കിലേ പോളിസി തരൂ. അതെടുത്തുവേണ്ടേ ചാവാൻ. അന്നേരം വീട്ടുകാർക്ക് കുറച്ച് കാശ് കിട്ടും. ഞാൻ ചത്താലും എന്റെ കുടുംബം രക്ഷപ്പെടുമല്ലോ?

'എടാ മണ്ടാ! നിനക്കൊരുപാട് വിവരമുണ്ടെന്ന് നീ പറയുന്നു. നിനക്കു വിവരമുണ്ടെങ്കി ഇവിടെ വന്ന് നീയിങ്ങനെ ചാവാൻ കാത്തുകിടക്ക്വോ? ഒരു മകനും ഭാര്യയും മാത്രമുള്ള കുടുംബം പോറ്റാൻ പോലുമറിയാതെ, കള്ളുംകുടിച്ച് തെണ്ടിത്തിരിഞ്ഞു നടന്നു... എന്നിട്ടൊടുവിൽ, ചത്താൽ, കാശ് കിട്ടുന്ന ഇൻഷുറൻസെടുക്കാൻ വേണ്ടി, ഫിറ്റ്നസ് സർട്ടിഫിക്കറ്റു കിട്ടാൻ എന്നോട് കെഞ്ചേണ്ട ഗതികേടിലെത്തിയ നിനക്ക് വിവരമുണ്ടോ'...

പുനർജന്മം

"ആനന്ദപുരത്തെ സാൻജോ സദനിൽവച്ച്, ഡോ. വിജു. പോളെന്ന, ആളുക്കാരൻ എന്റെ ഗുരുവായി. അദ്ദേഹത്തിന്റെ ചെരിപ്പിന്റെ വാറഴിക്കാൻ പോലും യോഗ്യതയില്ലാത്തവനാണ് ഞാനെന്ന് അന്നാണ് മനസ്സിലായത്. അദ്ദേഹം പകർന്നു നൽകിയ അറിവാണ് എന്റെ പുനർജന്മത്തിന്റെ ഹേതു.

'എന്താണീ വിവരം? എന്താണറിവ്?.' ഡോക്ടറുടെ ചോദ്യത്തിന് മറുപടിയായി, സ്വന്തം ജീവിതമൊന്ന് പുനപ്പരിശോധിക്കാൻ തോന്നിച്ച നിമിഷം ഞാനും ബുദ്ധനായി!"

അറിവ് യഥാർഥത്തിൽ തിരിച്ചറിവാണ്. മുഴുക്കുടിയനിൽ നിന്ന് കുടിയൻമാരുടെ രക്ഷകനിലേക്കുള്ള ജോൺസന്റെ മാറ്റത്തിനുള്ള കാരണം ഡോക്ടറുടെ ആ ചോദ്യമായിരുന്നു. ആലോചിക്കുന്തോറും ഡോക്ടറുടെ ചോദ്യത്തിന്റെ പൊരുളെനിക്ക് മനസ്സിലായി. ശരിയാണ്. ഇപ്പറഞ്ഞ വിവരവും വിദ്യാഭ്യാസവും ഒക്കെയുള്ള ഞാനിവിടെ വന്ന് മരണവും കാത്തുകിടക്കേണ്ട വല്ല ആവശ്യവുമുണ്ടോ?. എന്നേക്കാൾ അക്ഷരാഭ്യാസമില്ലാത്ത എത്രയോ മനുഷ്യർ, കൂലിപ്പണിയെടുത്ത് അന്തസ്സായി ജീവിക്കുന്നു. ഞാനോ? ഡീ–അഡിക്ഷൻ സെന്ററുകൾ കയറിയിറങ്ങി നടക്കുന്നു.

ഡോക്ടറെനിക്കു ചില കാര്യങ്ങൾകൂടി പറഞ്ഞുതന്നു. 'ഡ്രാക്കുളയെ കുറിച്ച് കേട്ടിട്ടുണ്ടോ? ഒരു തുള്ളി ചോരകുടിച്ചാൽ, രക്തരക്ഷസ്സായി മാറുന്ന പ്രഭുവാണ്. ആൽക്കഹോളിസം ബാധിച്ചവൻ ഒരുതുള്ളി മദ്യത്തിൽ ആരംഭിച്ചാൽ, കുടിനിർത്താത്ത മാറാരോഗി'.

"അമിത മദ്യാസക്തി ഒരു രോഗമാണ്. ആ രോഗം ബാധിച്ചവനായിരുന്നു ഞാൻ. പത്തിലൊരു കുടിയനെങ്കിലും ഈ രോഗത്തിന് അടിമയാവും. മരുന്നു കണ്ടുപിടിച്ചിട്ടില്ലാത്ത ഈ രോഗം ഹൈപ്പോതലാമസ്സിനെ ബാധിക്കും."

ശേഷം പേജ് എട്ടിൽ